പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## പതിനൊന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018 മാർച്ച്

പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## പതിനൊന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

649/2018.

## ഉള്ളടക്കം

പേജ്


| | | |
|---|---|---|
| 1. | സമിതിയുടെ ഘടന | .. V |
| 2. | റിപ്പോർട്ട് | .. 1 |
| 3. | 2018 മാർച്ച് 27-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. 2 |

# കാര്യോപദേശക സമിതി

**ഘടന**

<u>എക്സ്-ഒഫീഷ്യോ ചെയർമാൻ</u> :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ)

<u>അംഗങ്ങൾ</u> :

1. ശ്രീ. എ. കെ. ബാലൻ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. കെ. എം. മാണി
4. ശ്രീ. മാത്യു ടി. തോമസ്
5. ഡോ. എം. കെ. മുനീർ
6. ശ്രീ. രമേശ് ചെന്നിത്തല
7. ശ്രീ. എ. കെ. ശശീന്ദ്രൻ
8. ശ്രീ. പിണറായി വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി.

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2018 മാർച്ച് 27-ാം തീയതി, ചൊവ്വാഴ്ച രാവിലെ 11.35-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെ കൊടുത്തിരിക്കുന്നു:

2018 ~~ഏപ്രിൽ~~ മാർച്ച് 28, ബുധനാഴ്ച, നിലവിൽ തീരുമാനിച്ചിട്ടുള്ള കാര്യപരിപാടിക്ക് പുറമേ ചട്ടങ്ങൾക്ക് ഇളവ് നൽകിക്കൊണ്ട് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പതിനാലാം കേരള നിയമസഭയുടെ നടപ്പുസമ്മേളനക്കാലയളവിൽ 2018 ഏപ്രിൽ 2, തിങ്കളാഴ്ച സഭ ചേരേണ്ടതില്ലെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു. അന്നേദിവസത്തേക്ക് നിശ്ചയിച്ചിരുന്ന കാര്യപരിപാടി 2018 ഏപ്രിൽ 4, ബുധനാഴ്ചയിലേക്ക് മാറ്റണമെന്നും അതനുസരിച്ച് 2018 ഏപ്രിൽ 4-ാം തീയതിയിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഏപ്രിൽ 4, ബുധൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്).

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 മാർച്ച് 28.

**പിണറായി വിജയൻ,**
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

# 2018 മാർച്ച് 27-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2018 മാർച്ച് 27-ാം തീയതി, ചൊവ്വാഴ്ച രാവിലെ 11.40-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. എ. കെ. ബാലൻ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ഡോ. എം. കെ. മുനീർ
4. ശ്രീ. രമേശ് ചെന്നിത്തല
5. ശ്രീ. എ. കെ. ശശീന്ദ്രൻ
6. ശ്രീ. പിണറായി വിജയൻ
7. ശ്രീ. അനൂപ് ജേക്കബ് (പ്രത്യേക ക്ഷണപ്രകാരം)
8. ശ്രീ. കെ. സി. ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)
9. ശ്രീ. മോൻസ് ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)
10. ശ്രീ. ഒ. രാജഗോപാൽ (പ്രത്യേക ക്ഷണപ്രകാരം)
11. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (പ്രത്യേക ക്ഷണപ്രകാരം)
12. ശ്രീ. വി. എസ്. സുനിൽ കുമാർ (പ്രത്യേക ക്ഷണപ്രകാരം)

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി.

2018 ~~ഏപ്രിൽ~~ മാർച്ച് 28, ബുധനാഴ്ച, നിലവിൽ തീരുമാനിച്ചിട്ടുള്ള കാര്യപരിപാടിക്ക് പുറമേ ചട്ടങ്ങൾക്ക് ഇളവ് നൽകിക്കൊണ്ട് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും കൂടി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

പതിനാലാം കേരള നിയമസഭയുടെ നടപ്പുസമ്മേളനക്കാലയളവിൽ 2018 ഏപ്രിൽ 2, തിങ്കളാഴ്ച സഭ ചേരേണ്ടതില്ലെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു. അന്നേദിവസത്തേക്ക് നിശ്ചയിച്ചിരുന്ന കാര്യപരിപാടി 2018 ഏപ്രിൽ 4, ബുധനാഴ്ചയിലേക്ക് മാറ്റുന്നതിനും അതനുസരിച്ച് 2018 ഏപ്രിൽ 4-ാം തീയതിയിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു:

ഏപ്രിൽ 4, ബുധൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(i) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്).

യോഗം രാവിലെ 11.50-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.